രാമവർമ്മതമ്പുരാൻ.—ആണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതിൽ നിന്നാണോ ഈ സംഖ്യ കൊടുക്കുന്നത്?

രാമവർമ്മ തമ്പുരാൻ.—അനേഷിച്ചുവേണം പറയുവാൻ.

Lease of Porambokes to the Depressed Classes.

189. മിസ്റ്റർ കെ. പി. വള്ളോൻ.—എ ഫ ഠൻ-ൽ അധഃകൃത സംരക്ഷണവകുപ്പിൽനിന്നും അധഃകൃതർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചു കൊടുത്തവകയിലും മറ്റുമായി ചിലവായിട്ടുള്ള സംഖ്യകൾ എത്ര; മറ്റുള്ളവർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നതും മറ്റും ഏതു ഡിപ്പാർട്ട്മെണ്ടിൽനിന്നാകുന്നുവെന്നു ദയവായി മറുപടി പറയുമോ?

രാമവർമ്മതമ്പുരാൻ.—എ ഫ ഠ ൻ-ൽ അധഃകൃതർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുത്ത വകയിൽ യാതൊന്നും ചിലവായിട്ടില്ല. മറ്റുള്ളവർക്കുപുറമ്പോക്കു പതിച്ചുകൊടുക്കുന്നതു റെവന്യൂ ഡിപ്പാർട്ട്മെണ്ടു വഴിക്കാണ്.

Appointments for the Depressed classes—petition to the Protector.

190. മിസ്റ്റർ കെ. പി. വള്ളോൻ.—എ ഫ ഠ വ-ലും എ ഫ ഠ ൻ-ലും അധഃകൃതർക്കു് ഉദ്യോഗം കിട്ടണമെന്നും വാങ്ങിത്തരണമെന്നും അപേക്ഷിച്ചുകൊണ്ടു് എത്ര ഹർജികൾ സംരക്ഷണവകുപ്പിൽ കിട്ടീട്ടുണ്ടു്; അതിൽ എത്രപേർക്കു് ഉദ്യോഗം കൊടുക്കുകയും കൊടുപ്പിക്കയും ചെയ്തിട്ടുണ്ടു്; കൊടുത്ത ഉദ്യോഗമെന്തു്; കൊടുപ്പിച്ച ഉദ്യോഗങ്ങളെന്തു്?

രാമവർമ്മതമ്പുരാൻ.—എ ഫ ഠ വ-ലും എ ഫ ഠ ൻ-ലും കൂടി അധഃകൃതരുടെ ര ഠഠ ഹർജികൾ കിട്ടീട്ടുണ്ടു്. അവരിൽ വ പേർക്കു സംരക്ഷണവകുപ്പിൽ ഉദ്യോഗം കൊടുത്തിട്ടുണ്ടു്. ആ ഉദ്യോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

എ. ടി. സി. വേലായുധൻ—വേട്ടുവൻ—ക്ലാർക്ക്, പ്രൊട്ടക്ടരുടെ ആപ്പീസ്.

ഉ. വി. കെ. ശങ്കരൻ—പടന്നകണക്കൻ—ശിപായി.

ന. എൻ. കെ. അയ്യർ—പുലയൻ—കോളനി വാർഡൻ.

ര. ടി. എ. രാമൻ—ഉള്ളാടൻ—ശിപായി.

ങ. എം. കെ. മാണിക്കൻ—പുലയൻ—കോളനി വാർഡൻ

ന.	ടി. എ. കുഞ്ഞുണ്ണി	ടി	ടി
ഒ.	ജി. കെ. നാരായണൻ	ടി	ടി
വ.	കെ. സി. കൊടിയൻ	ടി	ടി

അന്യ ഡിപ്പാർട്ട്മെണ്ടിൽ ഉദ്യോഗം കൊടുപ്പിക്കണമെന്നുള്ള ഹർജികൾ അതാതു ഡിപ്പാർട്ട്മെണ്ടിലെ മേലദ്ധ്യക്ഷന്മാർക്കു തു

LIBRARY ARCHIVES Kerala Legislative Assembly